# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം:1965 — 11.02.2020 - ൽ മറുപടിയ്ക്ക്

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ സ്വഭാവം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.വി.അൻവർ | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെടുന്നവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകുന്ന ധനസഹായത്തിന്റെ സ്വഭാവം വ്യക്തിഗതമാണോ എന്നറിയിക്കാമോ, വ്യക്തികൾക്ക് നേരിട്ടാണോ ധനസഹായം നൽകുന്നത്; | (എ) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ടും, ചെക്ക് മുഖാന്തിരം കളക്ടറേറ്റുകളും വകുപ്പുകളും മുഖേനയും ധനസഹായം അനുവദിക്കാറുണ്ട്. |
| (ബി) വീടും സ്ഥലവും പൂർണ്ണമായും നഷ്ടപ്പെട്ടവർക്ക് നൽകുന്ന ധനസഹായം എത്രയെന്ന് തരംതിരിച്ച് വിശദമാക്കാമോ; | (ബി) പൂർണ്ണമായും തകർന്ന ഒരു വീടിന് അനുവദിക്കുന്ന പരമാവധി തുക 4,00,000/- (നാല് ലക്ഷം) രൂപയാണ്. ഇതിൽ 95,100/- രൂപ (നിരപ്പായ സ്ഥലം), അല്ലെങ്കിൽ 1,01,900/- രൂപ (മലയോര മേഖല) എന്ന നിലയിൽ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡ പ്രകാരവും, ബാക്കി തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുമാണ് നൽകുന്നത്. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് സ്വന്തമായി വേറെ സ്ഥലം കേരളത്തിൽ ഇല്ലെങ്കിലോ, നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6,00,000/- (ആറ് ലക്ഷം രൂപാ മാത്രം) രൂപയോ, പ്രമാണത്തിൽ ഉള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കുന്നു. |
| (സി) പ്രകൃതിക്ഷോഭത്തിൽ വീടും സ്ഥലവും പൂർണ്ണമായി നഷ്ടപ്പെട്ട പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് സ്ഥലം വാങ്ങി നൽകുന്നതിന് ജില്ലാകളക്ടർമാരെയോ മറ്റ് ഉദ്യോഗസ്ഥരെയോ ചുമതലപ്പെടുത്തിയ ഉത്തരവുകളുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) പൊതുവിഭാഗത്തിന് മാത്രമായി സ്ഥലം വാങ്ങി നൽകുന്നതിന് പ്രത്യേകമായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ പ്രളയബാധിതരിൽ വീടും സ്ഥലവും പൂർണമായി നഷ്ടപ്പെട്ടവർക്ക് സ്ഥലം വാങ്ങി വീട്/ഫ്ളാറ്റ് നിർമ്മിച്ചു നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തി 06/09/2018-ലെ സ.ഉ.(സാധാ) നം.486/2018/ഡി.എം.ഡി പ്രകാരം ഉത്തരവായിട്ടുണ്ട്. ആയതിന്റെ പകർപ്പ് അനുബന്ധം ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (ഡി) | ഇത്തരക്കാർക്ക് വിവിധ സന്നദ്ധ സംഘടനകൾ സൗജന്യമായി വീട് നിർമ്മിച്ച് നൽകിയാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ലഭിക്കാതിരിക്കുമോ; വിശദമാക്കാമോ? | (ഡി) | വീട് നിർമ്മാണത്തിന് ആവശ്യമായ ആകെ അടങ്കൽ തുക സർക്കാർ ധനസഹായവും സ്പോൺസറുടെ സംഭാവനയും സംയോജിപ്പിച്ച് കണ്ടെത്തുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദിച്ച തുകയും, സ്പോൺസർ ലഭ്യമാക്കുന്ന തുകയും പൂർണ്ണമായി വിനിയോഗിച്ച ശേഷം ആവശ്യമായി വരുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വിനിയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - പ്രളയം 2018 - പ്രളയക്കെടുതികൾ - വീട് നഷ്ടപ്പെട്ടവരുടെ പുനരധിവാസം - വാസയോഗ്യമായ ഭൂമി കണ്ടെത്തി വീടുകൾ / ഫ്ലാറ്റുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് നടപടി സ്വീകരിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ)നം.**486/2018/ഡി.എം.ഡി.** തിരുവനന്തപുരം, തീയതി, **06/09/2018**

---

പരാമർശം: റവന്യൂ വകുപ്പ് മന്ത്രിയുടെ 06.09.2018-ലെ 198/N/M(Rev)/18 നമ്പർ കുറിപ്പ്

**ഉത്തരവ്**

കേരള സംസ്ഥാന നാളിതുവരെ ദർശിച്ചിട്ടില്ലാത്ത പ്രളയവും കാലവർഷക്കെടുതികളുമാണ് ഇക്കഴിഞ്ഞ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഉണ്ടായത്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും കാരണം പല വീടുകളും മണ്ണിനടിയിലായി. പ്രളയം കാരണം ചില വീടുകളിൽ രണ്ട് നില വരെ വെള്ളം കയറുന്ന സാഹചര്യവും ഉണ്ടായി. വെള്ളം കയറിയ ചില വീടുകൾ തകർന്നു വീഴാതെ നിലനിൽക്കുന്നുണ്ടെങ്കിലും ഭൂമി വിണ്ടു കീറി നിൽക്കുന്നതുകൊണ്ടും കുന്നുകളും മലകളും ഇടിഞ്ഞു വീഴാൻ പാകത്തിൽ നിൽക്കുന്നതുകൊണ്ടും താമസത്തിന് യോഗ്യമല്ലാതായിത്തീർന്നിട്ടുണ്ട്. പ്രളയവും കാലവർഷക്കെടുതികളും മൂലം വീട് നഷ്ടപ്പെട്ടവരെയും, വീട് വാസയോഗ്യമല്ലാതായിത്തീർന്നവരെയും വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമിയിൽത്തന്നെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. ആയതിനാൽ വാസയോഗ്യമല്ലാത്തതും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ ഭൂമി ഒഴിവാക്കിക്കൊണ്ട് പുനരധിവാസം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

2. വാസയോഗ്യമല്ലാത്തതും പരിസ്ഥിതിക്ക് അനുയോജ്യമല്ലാത്തതുമായ ഭൂമി ഏതാണെന്ന് കണ്ടെത്തി അതിനുപകരം പ്രളയ ദുരന്ത ബാധിതർക്ക് വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമി നൽകി അതിൽ വീടുകൾ വച്ച് താമസിപ്പിക്കുകയോ ഭൂമിയുടെ ലഭ്യത കുറവുള്ള പ്രദേശങ്ങളിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് അതിൽ താമസിപ്പിക്കുകയോ ചെയ്യേണ്ടതുണ്ട്.

3. എല്ലാ ജില്ലാ കളക്ടർമാരും അവരവരുടെ ജില്ലകളിൽ മേൽപ്പറഞ്ഞ പ്രകാരം എത്ര കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കേണ്ടി വരുമെന്നത് കണ്ടെത്തി അവർക്ക് മേൽപ്പറഞ്ഞ രീതിയിൽ പുനരധിവാസം സാധ്യമാക്കുന്നതിന് വാസയോഗ്യമായതും പരിസ്ഥിതിക്ക് അനുയോജ്യമായതുമായ ഭൂമി കണ്ടെത്തി ഈ ഉത്തരവ് തീയതി മുതൽ 3 ആഴ്ച്ചകളിൽ സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.

4. സർക്കാർ ഭൂമിയോ പുറമ്പോക്ക് ഭൂമിയോ മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമിയോ സന്നദ്ധ സംഘടനകളോ, വ്യക്തികളോ, സ്ഥാപനങ്ങളോ സംഭാവന ചെയ്യുന്ന ഭൂമിയോ ഇതിനായി ഉപയോഗിക്കാവുന്നതാണ്. ഭൂമി ലഭ്യമായിട്ടുള്ളിടത്ത് ഓരോ കുടുംബത്തിനും 3 മുതൽ 5 സെന്റ് വരെ ഭൂമി നൽകി അതിൽ വീടുകൾ നിർമ്മിക്കുകയും ഭൂമി ലഭ്യത കുറവുള്ളയിടങ്ങളിൽ ഫ്ളാറ്റുകൾ നിർമ്മിക്കുകയും ചെയ്തുകൊണ്ട് പുനരധിവസിപ്പിക്കുന്നതിന് ഊന്നൽ നൽകേണ്ടതാണ്.

5. ലാന്റ് റവന്യൂ കമ്മീഷണർ ഇത് സംബന്ധിച്ച പ്രവർത്തനം ഏകോപിപ്പിക്കുകയും ക്രോഡീകരിച്ച റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)
**പി.എച്ച് കുര്യൻ**
അഡീഷണൽ ചീഫ് സെക്രട്ടറി

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്
തദ്ദേശ സ്വയംഭരണ വകുപ്പ്
ഭവന നിർമ്മാണ വകുപ്പ്
ധനകാര്യ വകുപ്പ്
റവന്യൂ (ഡി.ആർ.എഫ് ) വകുപ്പ്
ഗ്രാമവികസന വകുപ്പ്
റവന്യൂ (എ / ബി / എൽ / യു) വകുപ്പുകൾക്ക് (അടിയന്തിര നടപടി സ്വീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :- ബഹു: മുഖ്യമന്ത്രിയുടെ പി.എസിന്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിക്ക്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്
ഡി.എം.(ബി) വകുപ്പ്
ഡി.എം. (എ 4) സീറ്റിന്

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ